വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി
27.07.2016-ന് കൂടുന്ന യോഗത്തിന്റെ അജണ്ട
സമയം: 11.30. A M
സ്ഥലം: ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ ചേംബർ

... GOVERNMENT ... DEPT. ... THAPURAM ...

1. പൊതുവിഷയങ്ങൾ

2. 2016-17 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം

   1. ഗ്രാമപഞ്ചായത്തുകൾ
   2. ബ്ലോക്ക് പഞ്ചായത്തുകൾ
   3. നഗരസഭകൾ
   4. ജില്ലാ പഞ്ചായത്തുകൾ

3. പ്രത്യേക വിഷയങ്ങൾ

| 3.1 കോട്ടയ്ക്കൽ നഗരസഭയിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 160 കുടുംബങ്ങൾക്ക് നിബന്ധനകൾ പ്രകാരം ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്ന പദ്ധതി ഏറ്റെടുക്കുന്നത് സംബന്ധിച്ച് | |
|---|---|
| സ.ഉ.(എം.എസ്)നം. 4/16/തസ്വഭവ പ്രകാരം പുതിയ ഭവന പദ്ധതികൾ നഗരസഭകൾ ഏറ്റെടുക്കേണ്ടതില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. PMAY, IHSDQ എന്നീ പദ്ധതികൾ മുഖേന ഏറ്റെടുക്കണമെന്നും ടി ഉത്തരവിൽ പറയുന്നു. ഈ രണ്ടു പദ്ധതികളും ടി നഗരസഭയിൽ ഇല്ലാത്തതിനാൽ മേൽ ഉത്തരവിലുള്ളവ അനുവദിക്കണ മെന്നതാണ് ആവശ്യം. | |
| 3.2 (ഫയൽ നം. 1191/ഐ.ബി.1/16/തസ്വഭവ) | |
| ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ, കർഷകർ എന്നിവർക്ക് പങ്കാളിത്ത നീർത്തടാധിഷ്ഠിത വികസനത്തിൽ പരിശീലനം നൽകുന്നത് AHADS-CCPRM എന്നിവയുടെ ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി മേൽപറഞ്ഞവർക്ക് പങ്കാളിത്ത നിർത്തടാധിഷ്ഠിത വികസനത്തിൽ പരിശീലനം നൽകുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം. | |

| 3.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് | |
|---|---|
| 02.03.2016 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനം ഇനം 2.3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജനപ്രതിനിധികളുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിക്കുന്ന കമ്മീഷനിൽ ചുവടെ ചേർത്തിരിക്കുന്ന വരെ ഉൾപ്പെടുത്താമോ<br><br>പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്(ചെയർമാൻ)<br>പഞ്ചായത്ത് ഡയറക്ടർ<br>സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ,<br>ധനകാര്യ വകുപ്പിന്റെ പ്രതിനിധി | |
| 3.4 പേരയം ഗ്രാമപഞ്ചായത്ത് (ശ്രീ. എഡ്വേർഡ് എന്ന ആളിന് കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നതിന് അനുമതി സംബന്ധിച്ച്) | |
| പേരയം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ അഗതി ആശ്രയ പദ്ധതിയിൽ (115/16/) ഗുണഭോക്താവായ ശ്രീ.എഡ്വേർഡിന് കുടിവെള്ള കിണർ കുഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ടിയാളുടെ മകൾ (25) വർഷങ്ങളായി തളർന്ന് കിടക്കുകയാണ്. ടിയാൾ താമസിക്കുന്ന സ്ഥലത്ത് വളരെ ആഴത്തിൽ കുഴിച്ചാൽ മാത്രമേ വെള്ളം കിട്ടുകയുള്ളു എന്നതുകൊണ്ട് ടിയാൻ കുഴൽ കിണർ കുഴിച്ചു. മാർഗരേഖ പ്രകാരം കുഴൽ കിണറിന് സബ്സിഡി അനുവദനീയമല്ല. ടിയാന്റെ അവസ്ഥ പരിഗണിച്ച് കുടിവെള്ളത്തിനായി കുഴൽ കിണർ നിർമ്മിച്ചതിന് തുക അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. | |